Draft #1 of File 41429/EI38 SO/2020/EI 38 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Nov-2021 11:15 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.ആൽബർട്സ് കോളേജ്, എറണാകുളം (സ്വയംഭരണം) - 2019 അധ്യയന വര്‍ഷം ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് കോളേജ് സ്വീകരിച്ച ഗ്രേഡിംഗ് രീതി അംഗീകരിച്ചുകൊണ്ട് ടി വര്‍ഷം പ്രവേശനം ലഭിച്ച ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6019/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2021

---

*പരാമർശം:*-16.03.2020-ലെ 1581/AC B7/2020/MGU നമ്പർ സർവ്വകലാശാല ഉത്തരവ്

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.ആൽബർട്സ് കോളേജിലെ 2019 അഡ്മിഷൻ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ഗ്രേഡിംഗ് രീതി സർവ്വകലാശാലയിൽ നിന്നും വ്യത്യസ്തമായാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് കണ്ടെത്തിയിരുന്നു. സർവ്വകലാശാല 2019 മുതൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ റഗുലേഷനിൽ ഭേദഗതി വരുത്തി PG CSS 2019 റെഗുലേഷൻ നടപ്പിലാക്കിയിരുന്നു.

എന്നാൽ പരാമർശം-1 ഉത്തരവ് പ്രകാരം സ്വയംഭരണ കോളേജുകൾ ഓട്ടോണമി ആക്ട് അനുശാസിക്കുന്ന രീതിയിൽ സ്വയംഭരണ കോളേജുകളിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ റഗുലേഷൻ 2020-21 അധ്യയന വർഷം മുതൽ സർവ്വകലാശാലയുടെ PG CSS 2019 റഗുലേഷനു സമാനമാക്കേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ 2019 അധ്യയന വര്‍ഷം സെന്റ്. ആൽബർട്സ് കോളേജ് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് സ്വീകരിച്ചിട്ടുള്ള ഗ്രേഡിംഗ് രീതി അംഗീകരിച്ച്, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ/ഡിഗ്രി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് അനുമതി നൽകി മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10 (17) പ്രകാരം ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, സെന്റ്.ആല്ബെർട്സ് കോളേജ്, എറണാകുളം
4. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
6. അസിസ്റ്റൻറ് രജിസ്ട്രാർ IV(അക്കാദമിക്) /അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
8. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
9. സ്റ്റോക്ക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം